# വാഴ്ത്തപ്പെട്ട ചാവറ

## കേരള സഭാ സമുദ്ധാരകൻ

**പുസ്തകം ഒന്നു്**

### ആ വ്യക്തിത്വത്തിലേയ്ക്കു് ഒരു എത്തിനോട്ടം

Fr. Nandhikara
*30000707*
K91.1 C163 V1

്രസ് സി. എം. ഐ.

Fr. Jose Nandhikara CMI
Dharmaram College
Bangalore - 560 029

Printed and Published by
The C M I General Department
For The Media of Communications
Prior General's House, Kochi - 682 011
1990

Fr. Jose Nanohikara CMI
Dharmaram College
Bangalore - 560 029
J07
K91.1/C16

**Bl. Kuriakose Elias Chavara**

**Kerala Sabha Samudharakan, Vol. I**

(Malayalam)

Bangalore

*By*

Fr. CANISIUS C. M. I.

Rights Reserved

Published March 1990

*By*

The C M I General Department
For The Media of Communications
Prior General's House
Kochi - 682 011

*Printed by*

K C M Press
Ernakulam
Kochi - 682 011

# വിഷയസൂചിക


| | | പേജ് |
|---|---|---|
| മുഖവുര | ... | 5 |
| അദ്ദേഹം എന്തായിരുന്നു ? | ... | 7 |
| പ്രസ്താവനകൾ | ... | 7 |
| അദ്ദേഹം എന്തു ചെയ്തു ? | ... | 9 |
| 'ദൈവം അവനോടു കൂടെ'' – ദിവ്യനായ ചാവറ | ... | 10 |
| ദിവ്യത്വം | ... | ... |
| അണിഞ്ഞൊരുങ്ങുന്ന നേതൃത്വം | ... | 11 |
| സേവന രംഗത്ത് | ... | 12 |

**കർമ്മപരിപാടികൾ** :

| | | |
|---|---|---|
| i കേരള സഭയ്ക്ക് സന്ന്യാസ സഭകൾ | ... | 13 |
| പുരുഷന്മാർക്ക് | ... | 13 |
| സ്ത്രീകൾക്ക് | ... | 15 |
| ii ദൈവജനത്തിന് പ്രാർത്ഥനോന്മുഖത | ... | 15 |
| അച്ചടിശാല | ... | 16 |
| പള്ളിക്കൂടങ്ങൾ | ... | 16 |
| വൈദികർക്ക് പ്രാർത്ഥനാ നേതൃത്വം – സെമിനാരികൾ | ... | 17 |

| | | പേജ് |
|---|---|---|
| iii പ്രതിസന്ധിയിൽ നേതൃത്വം | ... | 18 |
| iv വികാരി അപ്പസ്തോലിക്കായുടെ അംഗീകാരം | ... | 19 |
| സാക്ഷ്യങ്ങളിൽ ചിലതുകൂടി | ... | 19 |
| സ്വർഗ്ഗത്തിൽ നിന്നു് അടയാളങ്ങൾ | ... | 21 |
| തിരുസംഘ സാക്ഷ്യം | ... | 22 |
| പ. പിതാവു് ജോൺ പോൾ രണ്ടാമൻ | ... | 22 |
| ഉപസംഹാരം | ... | 23 |
| അനുബന്ധം I തീയതികൾ | ... | 25 |
| അനുബന്ധം II വികാരി അപ്പസ്തോലിക്കമാർ | ... | 26 |

# മുഖവുര

മഹാത്മാക്കളുടെ ജീവചരിത്രങ്ങൾ വായിക്കുമ്പോൾ, ആദ്യമേ തന്നെ 'ആ വ്യക്തികളുടെ ആകമാനചിത്രമൊന്നു കിട്ടിയെങ്കിൽ' എന്ന അഭിവാഞ്ഛ കാര്യമാത്രപ്രസക്ത രായ ബുദ്ധിജീവികൾക്ക് അനുഭവപ്പെടുക സ്വാഭാവി കമാണ്. അനേകമനേകം വിരസമായ വിശദാംശങ്ങളി ലൂടെ കടന്ന്, ആ ഉൾക്കാമ്പിൽ ചെന്നെത്താൻ ആവശ്യ മായ സമയം പലർക്കും സംലഭ്യമല്ല. അതിനാൽ, ജീവ ചരിത്രവായന തന്നെ മാററിവയ്ക്കുവാൻ പലരും നിർബ്ബ ന്ധിതരാകുന്നു.

മുൻപറഞ്ഞവിധം, ആകമാനചിത്രം വേഗമൊന്ന് ലഭിച്ചാൽ, അതിലെ ആക്കങ്ങളും ഊന്നലുകളും പലരെയും പ്രത്യേകിച്ച്, ഗവേഷണാഭിമുഖ്യമുള്ളവരെയും, വിശദാം ശങ്ങളിലേക്കിറങ്ങുവാൻ പ്രേരിപ്പിച്ചുവെന്നു വരും.

ഈ വസ്തുതകൾ പരിഗണിച്ചാണ്, വാ. ചാവറ യുടെ വ്യക്തിത്വപഠനം നാലു ചെറുഗ്രന്ഥങ്ങളായി വിഭാ വനം ചെയ്തത്. ആദ്യത്തേത് വായിച്ചാൽ, ഗവേഷണ പ്രേമികൾ മററുള്ളവയും വായിക്കുവാൻ പ്രേരിതരാകു മെന്നു കരുതുന്നു. പ്രതിപാദ്യവിഷയങ്ങൾ ഇവയാണ്:

1. വ്യക്തിത്വത്തിലേയ്ക്ക് ഒരു എത്തിനോട്ടം.
2. കേരള സഭാ സമുദ്ധാരണ ദൗത്യം.
3. സുകൃത സരണി.
4. ആഴമായ ആദ്ധ്യാത്മികതയിലേയ്ക്ക് ലളിത മായ കുറുക്കുവഴി.

ഈ പ്രതിപാദനങ്ങൾ,ആർക്കെങ്കിലും കൂടുതൽ പഠന ത്തിന് ആവേശമോ, ആദ്ധ്യാത്മികതയിൽ കുറച്ചുകൂടി വളർച്ചയോ നല്കാൻ ഇടയായാൽ, ഈ ഉദ്യമം സഫല മായി.

## ഉദ്ധരണികളെ സംബന്ധിച്ച്

നാമകരണക്കോടതി സമ്പാദിച്ച രേഖാസഞ്ചയത്തിൽനിന്ന്, വിദഗ്ദ്ധ പഠനത്തിനായി തിരുസംഘം സമർപ്പിച്ച വസ്തുതകളുടെയും ഉദ്ധരണികളുടെയും സംഭരണമാണ് 'Positio' എന്നറിയപ്പെടുന്ന ബൃഹത്തായ ലത്തീൻ ഗ്രന്ഥം. അതിൽനിന്നാണ് ഈ ചെറുഗ്രന്ഥങ്ങളിൽ അവതരിപ്പിക്കുന്ന വസ്തുതകളും ഉദ്ധരണികളും അടർത്തിയെടുത്തിരിക്കുന്നത്. വാ. ചാവറയുടെ വാക്കുകൾ മലയാളം മൂലഗ്രന്ഥങ്ങളിൽ നിന്ന് നേരിട്ടും ചിലപ്പോൾ ഉദ്ധരിക്കുന്നുണ്ട്. അപ്പോൾ, അവ വായനക്കാർക്ക് സുഗ്രാഹ്യമാകത്തക്കവണ്ണം ആധുനിക മലയാളത്തിലേയ്ക്ക് പരാവർത്തനം ചെയ്തിരിക്കുകയാണ്.

---

### ചുരുക്കെഴുത്തുകൾ

POSITIO = P.

നാളാഗമം = നാളാ.

ആത്മാനുതാപം = ആത്മാ.

ധ്യാനസല്ലാപങ്ങൾ = ധ്യാന.

എഴുത്തുകൾ = എഴു.

## പ്രത്യേക ശ്രദ്ധയ്ക്ക്

'ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ' നാലു വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്:

വാല്യം ഒന്ന് : 'നാളാഗമങ്ങൾ'

വാല്യം രണ്ട്: 'സാഹിത്യകൃതികൾ' (ഇതിലാണ് : 'ആത്മാനുതാപം')

വാല്യം മൂന്ന് : 'ആദ്ധ്യാത്മിക കൃതികൾ' ഇതിലാണ് : 'ധ്യാനസല്ലാപങ്ങൾ')

വാല്യം നാല് : 'എഴുത്തുകൾ'

# വാ. ചാവറ

## കേരള സഭാ സമുദ്ധാരകൻ

## പുസ്തകം ഒന്നു്

## *ആ വ്യക്തിത്വത്തിലേയ്ക്ക് ഒരു എത്തിനോട്ടം*

### അദ്ദേഹം എന്തായിരുന്നു ?

വാ. ചാവറയുടെ ജീവിതം ആകമാനം വിലയിരുത്തുന്ന ചില പ്രസ്താവനകളാണു് താഴെ വരുന്നതു്. അദ്ദേഹം എന്തായിരുന്നുവെന്ന ചോദ്യത്തിനു്, ഒരു പരിധിവരെ, അവ ഉത്തരം നൽകും.

### പ്രസ്താവനകൾ

വാ. ചാവറയുടെ ആത്മപിതാവും അദ്ദേഹത്തിന്റെ ആദ്യത്തെ ജീവചരിത്രകാരനുമായ ലെയോപ്പോൾഡ് മിഷനറിയുടെ ഡയറിക്കുറിപ്പ്:

"ഇന്നു്, 1871 ജനുവരി 3-ാംതീയതി രാവിലെ 7.15നു്, ഒന്നാമത്തെ പ്രിയോരായ തിരുക്കുടുംബത്തിന്റെ കുറിയാക്കോസ് ഏലിയാസ്, അതിധന്യമായൊരു ജീവിതത്തിനുശേഷം, മരണമടഞ്ഞു. മാമ്മോദീസായിൽ ലഭിച്ച പരിശുദ്ധി ഒരിക്കലും നഷ്ടപ്പെട്ടിട്ടില്ലെന്നു്, മരണത്തിനു തൊട്ടുമുമ്പ് പ്രഖ്യാപിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. സുകൃതാഭ്യാസത്തിൽ, പ്രത്യേകിച്ച്, ഹൃദയലാളിത്യം, സജീവവിശ്വാസം, ആർദ്രമായ അനുസരണം, ദിവ്യകാരുണ്യഭക്തി, മാതാവിനോടും വി. യൗസേപ്പിതാവിനോടുമുള്ള ഭക്തി എന്നിവയിൽ അദ്ദേഹം

മുന്നിട്ടു നിന്നിരുന്നു. മലബാറിലെ ക്രൈസ്തവരുടെ നന്മക്കുവേണ്ടി, കടുത്ത പ്രതിസന്ധികളിലൂടെയാണ് അദ്ദേഹം കടന്നു പോയത്. പ്രത്യേകിച്ച് റോക്കോസ് ശീശ്മയുടെ കാലത്ത്. അന്ന്, സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിതനായപ്പോൾ, പ. സിംഹാസനത്തോട് അനിതരസാധാരണമായ ഭക്തിയാണ് അദ്ദേഹം പ്രകടമാക്കിയത്. രാവും പകലും അദ്ദേഹം അദ്ധ്വാനിച്ചു. ശീശ്മ പടർന്നുപിടിക്കാതെ തടഞ്ഞു. നാലുപതോളം പള്ളികളെ ശീശ്മയിൽനിന്നു രക്ഷിക്കുകയും ചെയ്തു. ഇക്കാരണത്താലാണ് പ. പിതാവ് ഒമ്പതാം പീയൂസ് പാപ്പാ, വലിയ സംതൃപ്തി പ്രകടിപ്പിച്ച്, ചാവറയച്ചന് എഴുതിയത്. അദ്ദേഹം മലബാറിലെ കർമ്മലീത്താ സഭാസ്ഥാപകനും ആദ്യ പ്രിയോരുമായിരുന്നു. പല പ്രതിസന്ധികളെയും തരണം ചെയ്ത്, കന്യാസ്ത്രീകൾക്കുവേണ്ടിയുള്ള മഠവും അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹത്തെ അഭിഗമ്യനാക്കിത്തീർത്ത സുകൃതങ്ങളും, അദ്ദേഹത്തിൻെറ വിജ്ഞാനവും, സുറിയാനി ഭാഷാ പാണ്ഡിത്യവുമെല്ലാം മലബാറിലെ സുറിയാനിക്കാരുടെ ഇടയിൽ അദ്ദേഹത്തിന് വലിയ സ്വാധീനശക്തി നേടിക്കൊടുത്തു. മലബാറിലെ വികാരി അപ്പസ്തോലിക്കാമാർ അദ്ദേഹത്തെ വളരെയധികം സ്നേഹിച്ചിരുന്നു. മലബാറിലെ ജനങ്ങൾക്ക്, നെസ്തോറിയരുൾപ്പെടെ, എല്ലാവർക്കും, അദ്ദേഹത്തോട് സ്നേഹാദരവുണ്ടായിരുന്നു. അന്ത്യനാളുകളിലെ രോഗം, ഏതാണ്ട് രണ്ടു വർഷക്കാലത്തോളം, ദൈവേഷ്ടത്തിനു പൂർണ്ണ വിധേയത്വത്തോടെ — അല്ല, സന്തോഷപൂർവ്വം എന്നു പറയണം— അദ്ദേഹം സഹിച്ചു. ഈ ലോകവസ്തുക്കളോടുള്ള അമിതമായ താല്പര്യങ്ങളിൽ നിന്നെല്ലാം പ്രതിനിവർത്തിച്ചിരുന്നവനായിരുന്നു അദ്ദേഹം. അന്ത്യനാളുകളിൽ അത്

വളരെയേറെ വ്യക്തവുമായിരുന്നു. അന്ത്യകൂദാശകളെല്ലാം അസാധാരണ ഭക്തിചൈതന്യത്തോടെ സ്വീകരിച്ച്, സ്വർഗ്ഗീയ സന്തോഷത്തിൽ, അദ്ദേഹത്തെ അറിയുന്നവരുടെയെല്ലാം (പ്രത്യേകിച്ച് എന്നെ ഞാനറിയുംപോലെ അദ്ദേഹത്തെ അടുത്തറിഞ്ഞ എൻെറയും) കണ്ണുനീരിൻെറ നടുവിൽ. 65–ാമത്തെ വയസ്സിൽ, അന്ത്യശ്വാസം വലിക്കയും കൂനമ്മാവിൽ വി. ഫിലോമിനായുടെ ദേവാലയത്തിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

ഓ പരിശുദ്ധവും മനോഹരവുമായ ആത്മാവേ, എനിക്കുവേണ്ടി അപേക്ഷിക്കണമേ.' (P. 456)

മത്തായി മറിയം കാപ്പിലച്ചൻ, വാ. ചാവറയുടെ ചരമപ്രസംഗം ആരംഭിച്ചത് ഇപ്രകാരമാണ്: 'ഇന്ന്, മലയാളത്തിൻെറ പതാക നിലംപതിച്ച പോയി.'

പോരൂക്കര കുറിയാക്കോസ് ഏലീശാ അച്ചൻ – വാ. ചാവറയുടെ പിൻഗാമിയും രണ്ടാമത്തെ ചരിത്രകാരനും – ഇങ്ങനെ പ്രസ്താവിക്കുന്നു: 'ഇദ്ദേഹം ഈ നാട്ടിൽ, ഒരു ആദ്ധ്യാത്മിക സൂര്യനായി ഉദിച്ചു.... ഇദ്ദേഹത്തിൻെറ മരണം, സൂര്യൻ കിഴക്ക് ഉദിച്ച്, അന്ധകാരം നീക്കി വെളിച്ചം വീശിയും, എല്ലാ ജീവികളുടെയും വളർച്ചയ്ക്കും വർദ്ധനവിനും ആവശ്യമുള്ളവയെല്ലാം നൽകിയുംകൊണ്ട്, ഭൂമിയെ ചുററി അസ്തമിക്കുന്നതുപോലെ ആയിരുന്നു.' (P. 477)

## അദ്ദേഹം എന്തുചെയ്തു ?

വാ. ചാവറ എന്തുചെയ്തു എന്ന ചോദ്യത്തിനുള്ള ഉത്തരവും മേലുദ്ധരിച്ച വാക്കുകളിൽ നിന്ന് കുറെയൊക്കെ

സ്പഷ്ടമാകുന്നുണ്ട്. ചാവറ ഒരു ദിവ്യപുരുഷനായിരുന്നു. തണുത്ത് മരവിച്ചു കിടന്ന കേരള സഭയ്ക്ക് ചൂടും വെളിച്ചവും നൽകി, മററു സഭകളുടെ ഇടയിൽ, സ്വന്തം വ്യക്തിത്വമാകുന്ന പതാക ഉയർത്തുവാൻ അവളെ പര്യാപ്തയാക്കുവാൻ അദ്ദേഹം അത്യദ്ധ്വാനം ചെയ്തു. സ്വയം ചെലവഴിച്ചു – ഇതാണ് ചുരുക്കം.

## ദിവ്യനായ ചാവറ

തന്റെ വാർദ്ധക്യദശയിൽ, കഴിഞ്ഞ ജീവിതത്തിലേയ്ക്ക് പിൻതിരിഞ്ഞു നോക്കുന്ന ചാവറ കാണുന്നത് സർവ്വത്ര ദൈവകരത്തിന്റെ പ്രകടമായ പ്രവർത്തനമാണ്. ശൈശവം മുതലേ, ദൈവപരിപാലന, ചാവറയെ നിഗൂഢമായി വൻകാര്യങ്ങൾക്കു വേണ്ടി ഒരുക്കിയെടുക്കുകയായിരുന്നു.

അമ്മയിൽ നിന്ന് മുലപ്പാലോടുകൂടി ദൈവോന്മുഖതയും, അഞ്ചുവയസ്സിനകം മാതൃസന്നിധിയിലിരുന്ന് പ്രാർത്ഥനാപരിചയവും ചാവറ സ്വായത്തമാക്കി. അഞ്ചുവയസ്സിലാരംഭിച്ചു, കളരി വിദ്യാഭ്യാസം. കളരിയിലെ വിജാതീയാന്തരീക്ഷം തന്റെ ക്രിസ്തീയാഭിജാത്യത്തിന് അനുയോജ്യമല്ലായിരുന്നുവെങ്കിലും, അഞ്ചു വർഷത്തെ ആ അനുഭവത്തിൽ നിന്ന് കൊച്ചു ചാവറ ഒരു വലിയ പാഠം പഠിച്ചു. കേരള സഭയ്ക്ക് ക്രിസ്തീയാന്തരീക്ഷം പുലർത്തുന്ന പള്ളിക്കൂടങ്ങളുണ്ടായേ തീരൂ എന്ന അനുമാനം ആയിരുന്നു, ആ പാഠത്തിന്റെ ചുരുക്കം.

പത്താം വയസ്സിൽ, തികച്ചും അപ്രതീക്ഷിതമായി, ചാവറ പൗരോഹിത്യ ജീവിതത്തിനായി ക്ഷണിക്കപ്പെട്ടു. ആ ക്ഷണം ഒരമൂല്യദാനമായി മതിച്ചതുകൊണ്ട്, സെമി

നാരി ജീവിതകാലത്തു് മാതാപിതാക്കന്മാരുടെയും ഏക സഹോദരൻെറയും അകാലമരണംമൂലം ക്ലമ്പടഞ്ഞ കുടുംബത്തിലേയ്ക്കു് തിരിച്ചു പോയില്ലെന്നു മാത്രമല്ല, എല്ലാം ഉപേക്ഷിച്ചു് തിരുസഭാ സേവനത്തിനായി സ്വയം സമർപ്പിക്കുന്ന സന്യാസത്തിനുള്ള സാദ്ധ്യത ലഭിച്ച ഉടനെ, സന്യാസ ജീവിതവും, ചാവറ സസന്തോഷം ആശ്ലേഷിച്ചു.

സെമിനാരിയിൽ വച്ചു്, ചാവറയെ ചിന്താധീനനാക്കിയതു്, തൻെറ സേവന രംഗമാകാനിരിക്കുന്ന കേരള സഭയെപ്പറ്റിയുള്ള പഠനമാണു്. പത്തൊമ്പതു നൂററാണ്ടു് പിന്നിട്ടിട്ടും ഫലം നല്ലാത്ത ഒരത്തിവൃക്ഷം ! വൈദികർക്കുപോലും ഒരുസന്ന്യാസ ഭവനമില്ലാത്ത, ക്രിസ്തീയ സുകൃതങ്ങൾക്കു് സ്ഥിരപ്രതിഷ്ഠ ലഭിക്കാത്ത ഒരു പാഴ്നിലം. തിരുസഭയിൽ നിന്നു് നേർവഴിയെ നൽകപ്പെട്ട മേലദ്ധ്യക്ഷന്മാരോടു് കൂറു പുലർത്താതെ, ബാബേലിൽ നിന്നു മേലദ്ധ്യക്ഷന്മാരെ വരുത്തുന്നതിനായി അവസരം പാർത്തിരുന്ന ഒട്ടേറെ വൈദികരും ജനങ്ങളും ! നൂററാണ്ടുകളായിട്ടും ഒരു വിശുദ്ധൻെറയോ വിശുദ്ധയുടെയോ, മാതാവാകാൻ കഴിയാതെ ദുർഭഗയായി കേഴുന്ന കേരള സഭാംബിക ! (കാണുക: ആത്മാ. pp. 1–5; നാളാ. pp. 1, 173–177)

## അണിഞ്ഞൊരുങ്ങുന്ന നേതൃത്വം

സഭാമാതാവിനെ ഈ ദുരവസ്ഥയിൽ നിന്നുദ്ധരിക്കുവാൻ, താൻ തന്നെ പണ്ഡിതനും വിശുദ്ധനുമായ ഒരു വൈദികനായിത്തീരുകയാണു് ഒന്നാമത്തെ ആവശ്യം എന്നു മനസ്സിലാക്കിയ ചാവറ, അക്കാര്യത്തിൽ ദത്തശ്രദ്ധനായി. ചാവറയിൽ രൂപം പ്രാപിച്ചുകൊണ്ടിരുന്ന ഒരു സമുന്നത നേതാവിനെ കണ്ടെത്തിയ സെമിനാരി റെക്ടർ, – പാലയ്ക്കൽ തോമാ മല്പാൻ–അതീവ സന്തുഷ്ടനാ

യി., അദ്ദേഹം തൻെറ ഉററ മിത്രമായ പോരൂക്കര തോമാച്ചനോടുകൂടി, ഒരു സന്ന്യാസ സഭയ്ക്ക് രൂപം കൊടുക്കുവാൻ പ്ലാനിട്ടുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു അത്. രണ്ടു പേരും ചാവറയെ തങ്ങളുടെ സഹപ്രവർത്തകനും, സന്ന്യാസ സഭയുടെ അഭിഗമ്യനായ ഒരു ഭാവിനേതാവുമായി കണ്ടുവച്ചു. അങ്ങനെ ഡീക്കൻ പദവിയിലെത്തിയപ്പോഴുംതന്നെ, ചാവറ കേരള സഭാ സമുദ്ധാരണ പദ്ധതികളുമായി ബന്ധപ്പെട്ടുവാൻ തുടങ്ങി. 1829–ൽ വൈദികപട്ടം സ്വീകരിച്ചതോടെ അദ്ദേഹം പ്രവർത്തന രംഗത്തേയ്ക്കിറങ്ങുകയായി. (P. XXVIII - XXIX)

## സേവന രംഗത്ത്

പൗരോഹിത്യ ജീവിതത്തിൻെറ ആരംഭദശയിൽ തന്നെ, ചാവറയിലെ കുശാഗ്രബുദ്ധി സഭാ സമുദ്ധാരണത്തിനുള്ള ഒരാകമാന പദ്ധതി കണ്ടുവച്ചുവെന്ന്, അദ്ദേഹത്തിൻെറ സുദൃഢമായ പ്രവർത്തനശൈലി വ്യക്തമാക്കുന്നുണ്ട്. അദ്ദേഹത്തെ നയിച്ചിരുന്ന ലക്ഷ്യം അദ്ദേഹത്തിൻെറ പ്രാർത്ഥനയിൽ കാണാം. 'കർത്താവേ, അങ്ങ് രാജാധിരാജനാണ്. അങ്ങയുടെ സത്യമതം കേരളമാകെ കാണാൻ ഇടയാകണം.''

> ''കേസരീ രാജൻ നീ/നിന്നുടെ സുമതം/
> കേരളമൊക്കെയും/ കാണാകേണം.''
>
> (ആത്മാ. 21/25–26)

അതിനുള്ള മാർഗ്ഗം, ചാവറയുടെ ചിന്തയിൽ തെളിവായിരുന്നു: സഭയിൽ, പ്രാത്ഥനയുടെ മനുഷ്യരായ സ്ന്ന്യാസിനീ സന്ന്യാസികളും, പ്രാത്ഥനാ നിരതരായ വൈദികരും പ്രാത്ഥനോന്മുഖമായ കുടുംബങ്ങളും വഴി, അങ്ങോളമിങ്ങോളം ദൈവസ്നേഹത്തിൻെറ ചൂടും ആദ്ധ്യാ

ത്മികതയുടെ പ്രകാശവും പ്രസരിക്കാനിടയാകണം. തൽഫലമായി, കുടുംബങ്ങളിൽ നിന്നു്, സന്ന്യാസത്തിലേയ്ക്കും പൗരോഹിത്യത്തിലേയ്ക്കും പ്രവേശിക്കുന്നവരുടെ സംഖ്യ പെരുകിവരും. അചിരേണ വിശുദ്ധന്മാരും വിശുദ്ധകളും രൂപംകൊള്ളും. അങ്ങനെ, കേരള സഭാമാതാവിനു്, കേരളത്തിലും ലോകമാസകലവും തന്റെ വ്യക്തിത്വമാകുന്ന പതാക ഉയർത്തിനാട്ടാൻ സാദ്ധ്യത ലഭിക്കും.

## കർമ്മപരിപാടികൾ

ഫാ. ചാവറയുടെ കർമ്മപരിപാടികളുടെ വിശദാംശങ്ങൾ, അടുത്ത പുസ്തകത്തിൽ കാണാവുന്നതുകൊണ്ടു്, ഇവിടെ ഒരു വിഹഗ വീക്ഷണം മാത്രമേ നല്കുന്നുള്ളു.

## സന്ന്യാസ സഭകൾ പുരുഷന്മാർക്കു്

## "പ്രാർത്ഥനാ ജീവിതവും ലോകർക്കു് നന്മയും"

1829–ൽ, മോൺസിഞ്ഞോർ സ്റ്റബിലീനിയിൽ നിന്നു്, മാന്നാനത്തു് ഒരാശ്രമം സ്ഥാപിക്കാൻ അനുവാദം ലഭിക്കുന്നു.[5] 1831 മെയ് 11–ാം തീയതി, ആശ്രമത്തിന്റെ ശിലാസ്ഥാപനം നടക്കുന്നു. 1841–ൽ, പാലയ്ക്കൽ മല്പാന്റെ മരണം [1] 1846–ൽ പോരൂക്കര മല്പാന്റെ മരണം [2]

അന്നു മുതൽ സഭയുടെ ഉത്തരവാദിത്വം മുഴവൻ ചാവറ വഹിക്കേണ്ടതായിവന്നു. അന്നു്, സഭാംഗങ്ങൾ: 10 പേർ.

1855–ൽ, മോൺ. ബച്ചിനേല്ലി സഭയെ കാനോനികമായി ഉയർത്തുന്നു. ഡിസംബർ 8–ാംതീയതി പതി

നൊന്നു് ആദ്യപിതാക്കന്മാർ വ്രതം അനുഷ്ഠിക്കുന്നു. ചാവറ സമൂഹത്തിൻെറ പ്രഥമ സുപ്പീരിയർ ആയി നിയമിതനാകുന്നു.

**ശ്രദ്ധാർഹം**

1. സന്ന്യാസത്തിൽ, ചാവറ സ്വീകരിച്ച പേരു്: 'തിരുക്കുടുംബത്തിൻെറ കുറിയാക്കോസ് ഏലിയാ'
2. സഭയ്ക്കു് നല്കപ്പെട്ട പേർ: 'അമലോത്ഭവ കന്മെല മറിയത്തിൻെറ ദാസന്മാർ'.
3. സഭയ്ക്കു് നൽകപ്പെട്ട നിയമം: കന്മെലീത്താ നിഷ്പ്പാദുക സഭയുടേതുതന്നെ (അല്പസ്വല്പ വ്യത്യാസങ്ങളോടു കൂടി)

1860–ൽ അംഗസംഖ്യ: 60, 1870–ൽ നവസന്യാസികൾ: 46.

ഇന്നു് അംഗങ്ങൾ: 1300–ൽ പരം, പ്രവിശ്യകൾ 6; ഉപപ്രവിശ്യാകൾ: 3.

**ശ്രദ്ധാർഹം**

1. 1861–ൽ സഭ 'ക.നി.മൂ.സ.' എന്നറിയപ്പെടാൻ തുടങ്ങി (T.O.C.D). 1958 മുതലാണു്, അതു് 'സി. എം. ഐ.' (CARMELITES OF MARY IMMACU–LATE) എന്ന നാമം സ്വീകരിച്ചതു്.
2. ആദ്യം മുതലേ, സ്ഥാപക പിതാക്കന്മാരോടുകൂടെ വിശ്വസ്ത സേവനമനുഷ്ഠിച്ചിരുന്ന അൽമായനായ കണിയാന്തറ യാക്കോബു് 1865–ൽ സ്ഥാനമാനങ്ങൾ വൈദിക സഹോദരങ്ങൾക്കായി വിട്ടു് സഭയുടെ ആദ്ധ്യാത്മികതയിലും എളിയ സേവനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന സഹോദര ഗണത്തിൽ, ഒന്നാമനായി വ്രതമനുഷ്ഠിച്ചു.

സ്ത്രീകൾക്ക്: 'സന്യാസവും പെൺപൈതങ്ങൾക്ക് വിദ്യാഭ്യാസവും'

1866–ൽ, ലെയോപ്പോൾഡ് മിഷനറിയോടുകൂടി ചാവറ, കൂനമ്മാവിൽ, സ്ത്രീകൾക്കുള്ള സന്യാസ സഭക്ക് രൂപം കൊടുക്കുന്നു, 'ക. നി. മൂ. സ.' എന്ന നാമത്തിൽ. അതാണ് ഇന്നത്തെ സി. എം. സി. (CONGREGATION OF THE MOTHER OF CARMEL)

ശ്രദ്ധാർഹം

ഇന്ന് സി. എം. സി. ക്ക് 5000–ത്തോളം അംഗങ്ങളുണ്ട്. അവർ 11 പ്രോവിൻസുകളിൽ, പ്രവർത്തന നിരതരായിരിക്കുന്നു.

ഈ രണ്ടു സഭകളുടെയും സ്ഥാപനത്തിനും പിള്ളത്തൊട്ടിൽ മുതലുള്ള പരിശീലനത്തിനുമായി, ചാവറ വളരെ ക്ലേശങ്ങൾ സഹിച്ചു; അത്യദ്ധ്വാനം ചെയ്തു; സഭാംഗങ്ങൾ പ്രാർത്ഥനയുടെ മനുഷ്യരായി വളർന്നു വരാൻ നേതൃത്വം നൽകി; അതിനൊരു കുറുക്കുവഴി നിർദ്ദേശിച്ചു; തന്റെ തന്നെ പ്രാർത്ഥനാനുഭവം പങ്കുവയ്ക്കുന്നതിനു വേണ്ടി, മരണത്തിനു മുമ്പായി, 'ആത്മാനുതാപം', 'ധ്യാനസല്ലാപങ്ങൾ' എന്ന കയ്യെഴുത്തുഗ്രന്ഥങ്ങൾ ഒരുക്കി വച്ചു.

## ii ദൈവജനത്തിനു് പ്രാർത്ഥനോന്മുഖത

'ലോകക്ക് നന്മ' ചെയ്യാനുള്ള തന്റെ സന്യാസ ദൗത്യത്തിന്റെ അടിസ്ഥാനപ്രവർത്തനം അവരെ പ്രാർത്ഥനോന്മുഖരാക്കുകയായിരിക്കണമെന്ന് ചാവറ അനുഭവത്തിൽ നിന്നു് അനുമാനിച്ചു കഴിഞ്ഞിരുന്നു. കുടുംബങ്ങളെ പ്രാർത്ഥനോന്മുഖവും വൈദികരെ പ്രാർത്ഥനാനിരതരുമാക്കുന്നതിനു് ആദ്യമേ തന്നെ, പള്ളിപ്രസംഗങ്ങളും ഇട

വകകാംതോറും മുഴുവൻ ധ്യാനങ്ങളുമായി ചാവറയും സഹ ചരതും രംഗത്തേക്കിറങ്ങി.

1849 മുതൽ, വികാരി അപ്പസ്തോലിക്കാ മോൺ. ലൂഡവിക്ക് മർത്തിനി, മലബാറിൽ തന്റെ കീഴിലുള്ള ലത്തീൻ റീത്തുകാർക്കും സുറിയാനി റീത്തുകാർക്കും, ചാവ റയും മാന്നാനത്തുള്ള മററച്ചന്മാരും കൂടി, ഇടവകകാം തോറും, എട്ടു ദിവസത്തെ ധ്യാനം പ്രസംഗിക്കുന്നതിനുള്ള സജ്ജീകരണവും ചെയ്തു.

## അച്ചടിശാല

പ്രാർത്ഥനയ്ക്കുള്ള ഈ അടിസ്ഥാനപരിശീലനം കുടും ബങ്ങളിൽ തുടരുന്നതിന് പ്രാർത്ഥനപ്പുസ്തകങ്ങാം ഓരോ കുടുംബങ്ങളിലേയ്ക്കും എത്തിച്ചുകൊടുക്കുക ആവശ്യമായി രുന്നു. പക്ഷെ, പ്രാർത്ഥനപ്പുസ്തകങ്ങാം അച്ചടിക്കുന്നതിനു സന്നദ്ധതയുള്ള പ്രസ്സുടമകാം അന്ന് കേരളത്തിലില്ലായി രുന്നു. ചാവറ തന്നെ പ്രസ്സുണ്ടാക്കാൻ പഠിച്ച്, ആദ്യം മരംകൊണ്ട് ഒരു പ്രസ്സുണ്ടാക്കി, മാന്നാനത്തെ അച്ചുകൂടം സ്ഥാപിച്ചു. അതിൽ നിന്നു് ആദ്യമേ തന്നെ 'ജ്ഞാന പിയൂഷം' എന്ന പുസ്തകം ജനകരങ്ങളിലെത്തിച്ചു കൊ ടുത്തു; പിന്നീട് മററു സൽഗ്രന്ഥങ്ങളും.

## പള്ളിക്കൂടങ്ങാം

പുസ്തകങ്ങളുണ്ടായാൽ മാത്രംപോരാ, ഇളംതലമുറയ്ക്കു് വായിക്കാനും സാധിക്കണം. അതിനായി, ക്രിസ്തീയാ ന്തരീക്ഷം പുലർത്തുന്ന പള്ളിക്കൂടങ്ങാം ഓരോ ഇടവക യിലും സ്ഥാപിച്ചുകൊള്ളണമെന്ന നിബന്ധനയ്ക്കു് ചാ വറ നേതൃത്വം നല്കി.

## വൈദികർക്കും പ്രാർത്ഥനാനേതൃത്വം – സെമിനാരികൾ

ജനങ്ങൾ പ്രാർത്ഥനോന്മുഖരാകണമെങ്കിൽ പ്രാർത്ഥനാനിരതരായ വൈദികരുടെ നേതൃത്വം അവശ്യാവശ്യമാണ്. അതിനായി സന്യാസഭവനങ്ങളോടനുബന്ധിച്ചു തന്നെ ഉത്തമവൈദികരെ വാർത്തെടുക്കാൻ സെമിനാരികൾ സ്ഥാപിച്ചു. പ്രാർത്ഥിക്കുന്ന കുടുംബങ്ങളിൽ നിന്നു് പൗരോഹിത്യത്തിലേയ്ക്കും സന്യാസത്തിലേയ്ക്കുമുള്ള ദൈവവിളികൾ വർദ്ധിച്ചതോടെ മാന്നാനം, വാഴക്കുളം, എൽത്തുരുത്തു എന്നീ ആശ്രമങ്ങളോടനുബന്ധിച്ചും, വൈദീക സെമിനാരികൾക്കു് ചാവറ രൂപം നല്കി.

വൈദികർക്കു് യാമപ്രാർത്ഥനക്കായി, കയ്യിലൊതുങ്ങുന്ന പുസ്തകം അച്ചടിച്ച്, ഓരോരുത്തർക്കും അദ്ദേഹം സംലഭ്യമാക്കി.

ദിവ്യപൂജ യോഗ്യമായി അർപ്പിക്കുവാൻ ക്രമങ്ങൾ കൃത്യമായി വിവരിക്കുന്ന ക്രമപ്പുസ്തകവും ചാവറ തന്നെ ഒരുക്കി അച്ചടിപ്പിച്ച് വിതരണം ചെയ്തു.

## ശ്രദ്ധാർഹം

1. മുൻപറഞ്ഞ സെമിനാരികളുടെ ആവിർഭാവത്തോടെ, മല്പാന്മാർ നടത്തിയിരുന്ന സെമിനാരികൾ നിർത്തലായി.

2. 1844–ൽ വികാരി അപ്പസ്തോലിക്കാ – മോൺ. ഫ്രാൻസിസ് സേവിയർ ചാവറയെ സുറിയാനി റീത്തുകാർക്കു്, സഭാശാസ്ത്രങ്ങളുടെ മല്പാനും വൈദികരുടെ പരീക്ഷകനുമായി നിശ്ചയിച്ചു.

## iii പ്രതിസന്ധിയിൽ നേതൃത്വം

ചാവറയുടെ ജീവിതസായാഹ്നത്തിൽ (1861 – 1868) കേരളസഭയെ പിളർപ്പിലേയ്ക്കാനയിച്ച ഒരു മഹാവിപത്ത് ആവിർഭവിച്ചു. ബാബേലിൽ നിന്നുള്ള മേലദ്ധ്യക്ഷന്മാരെ പാർത്തിരുന്ന ഒരു വിഭാഗം ആളുകൾ കേരളസഭയിലുണ്ടായിരുന്നുവെന്നു മുകളിൽ സൂചിപ്പിച്ചുവല്ലോ. അക്കൂട്ടരുടെ സ്വാഗതം പ്രതീക്ഷിച്ച്, ബാബേലിൽ നിന്ന് തോമസ് റോക്കോസ് എന്നു പേരായ ഒരു മെത്രാൻ കേരളത്തിൽ വന്നുചേർന്നു. പ്രതീക്ഷിച്ചതുപോലെ, അക്കൂട്ടർ ആവേശപൂർവ്വം റോക്കോസിനു സ്വാഗതമരുളി. ഒരു വലിയ ഭാഗം അൽമായരും വൈദികരും ചില മല്പാന്മാർപോലും റോക്കോസ് പക്ഷത്തു ചേർന്നു. മാത്രമല്ല, സിവിൽ അധികാരികളും അവർക്കനുകൂലികളാണെന്നു സൂചനകളും ലഭിച്ചു. ആ പ്രതിസന്ധിയിൽ, വികാരി അപ്പസ്തോലിക്കാ, മോൺ. ബച്ചിനെല്ലി ചെയ്തത് ചാവറയെ അസാധാരണ അധികാരങ്ങളോടു കൂടി സുറിയാനിക്കാരുടെ വികാരി ജനറാളായി നിശ്ചയിച്ചുകൊണ്ട്, ശീശ്മക്കെതിരെ പൊരുതുവാനുള്ള നേതൃത്വം അദ്ദേഹത്തെ ഏല്പിക്കുകയായിരുന്നു. ചാവറ നിസ്തുലമായ വിവേകത്തോടും തികച്ചും ക്രിസ്തീയമായ വിശ്വാസ തീക്ഷ്ണതയോടും അതേസമയം ശത്രുക്കളോടുള്ള ഉപവിയോടും കൂടി, പിരിഞ്ഞുപോയിക്കഴിഞ്ഞ പകുതിയിലേറെ പള്ളികളെ തിരിച്ചുകൊണ്ടുവരാനും റോക്കോസിനെയും പാർശ്വവർത്തികളെയും പിന്തിരിപ്പിക്കുവാനും നേതൃത്വം നല്കി. ഒമ്പതാം പീയൂസ് പാപ്പാ കൃതജ്ഞതാനിർഭരമായ അനുമോദനവും ആശിർവ്വാദവും നൽകി, ചാവറയെ അനുഗ്രഹിച്ചു.

## vi. അപ്പസ്തോലിക്കായുടെ അംഗീകാരം

പുതിയ വികാരി അപ്പസ്തോലിക്കാ മോൺ. മെല്ലാനോ–(1868–1897) ഒന്നാം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കാൻ റോമിലേയ്ക്ക് പുറപ്പെടുന്നതിനു മുമ്പ്, തന്റെ പ്രോ വികാരി അപ്പസ്തോലിക്കായോടും പ്രൊ ഡെലഗാത് പ്രൊവിൻഷ്യലിനോടും, എല്ലാ കാര്യങ്ങളും ചാവറയുടെ ഉപദേശാനുസരണം ചെയ്തുകൊള്ളണമെന്ന് ആജ്ഞാപിച്ചു. ചാവറയുടെ കരങ്ങളിൽ കേരള സഭയുടെ ഭാഗധേയം സുരക്ഷിതമായിരിക്കുമെന്ന് അദ്ദേഹത്തിനു് ഉറപ്പുണ്ടായിരുന്നു.

## സാക്ഷ്യങ്ങളിൽ ചിലതുകൂടി

ചാവറയുമായി പരിചയപ്പെട്ടിട്ടുള്ളവർ, അദ്ദേഹത്തെപ്പററി ചെയ്തിരിക്കുന്ന പ്രസ്താവനകളിൽ ചിലതുകൂടി ഉദ്ധരിക്കുക അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലേയ്ക്കുള്ള ഈ എത്തിനോട്ടത്തിന്റെ പൂർണ്ണതയ്ക്കു് ആവശ്യമാണ്. ചിലതുമാത്രം ഇവിടെ ഉദ്ധരിക്കുന്നു. തുടർന്നു വരുന്ന ഗ്രന്ഥങ്ങളിൽ വേറെ പലതും കാണാവുന്നതാണ്. **മോൺ. ബച്ചിനേല്ലി,** വാ. ചാവറയെ സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിച്ചുകൊണ്ട് ഇങ്ങനെ എഴുതി: 'ഈ ഉദ്യോഗ നിർവ്വഹണത്തിനാവശ്യമായ സാമർത്ഥ്യവും, തീക്ഷ്ണതയും വിജ്ഞാനവും താങ്കൾക്കുണ്ടെന്നു് എനിക്കു ബോദ്ധ്യമുണ്ട്". (P. V/27)

റോക്കോസ് ശീശ്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ ചാവറ നിർവ്വഹിച്ച ദൗത്യം വിവരിച്ചുകൊണ്ട്, മോൺ. ബച്ചിനേല്ലി പ്രൊപ്പഗാന്താ തിരുസംഘത്തിനു് ഇങ്ങനെ എഴുതി: 'ഒരു യഥാർത്ഥ ക്രിസ്ത്യാനി, സുകൃതവാൻ, വിവേകമതി... ഈ സന്ദർഭത്തിൽ, അദ്ദേഹം കത്തോലി

ക്കാവിശ്വാസത്തോടും, പ. സിംഹാസനത്തോടും, അ തീവ വിശ്വസ്തനാണെന്ന് വസ്തുനിഷ്ഠമായി തെളിയിച്ചു. ...എല്ലാവരും അദ്ദേഹത്തെ മതിക്കുന്നു, ബഹുമാനിക്കുന്നു; അദ്ദേഹത്തിൻെറ അധികാരത്തെ അംഗീകരിക്കുന്നു.'
(P.XL.)

മോൺ. ബെച്ചിനേല്ലി, കമ്മലീത്താ പ്രിയോർ ജനറാളിനുള്ള എഴുത്തിൽ വാ. ചാവറയെ ഇങ്ങനെ വിശേഷിപ്പിക്കുന്നു: 'എൻെറ അധീനത്തിലുള്ള ഒരു മഹാനായ മനുഷ്യൻ... മോൺ. ഒവാർഡിൻെറ (അപ്പ. കമ്മീഷൻ അംഗം) ഹൃദയം അദ്ദേഹം കവർന്നെടുത്തു.'

മാർത്തോമ്മാ മെത്രാപ്പോലീത്താ, മാത്യു മാർ അത്തനാസിയൂസ് ഇങ്ങനെ പറയുമായിരുന്നു: 'ഈ മലയാളത്തിൽനിന്നു്, ചാവറയ്ലോ മറ്റോ അല്ലാതെ ആർക്കാണ് സ്വർഗ്ഗത്തിലേയ്ക്കു് കയറുവാൻ സാധിക്കുക ! ഞാൻ അദ്ദേഹത്തിൻെറ തുകൽ വാറിൽത്തൂങ്ങി അവിടെ എത്താൻ നോക്കും'. (P.XLI)

മർസ്സെലീനൂസ് മിഷനറി (BERARDI) എഴുതിയ മലബാർസഭാ ചരിത്രത്തിൽ ചാവറയെക്കുറിച്ച് പ്രസ്താവിക്കുന്നത് ഇങ്ങനെയാണ്: 'മാന്നാനത്ത് വിരിഞ്ഞ പുഷ്പം ഇദ്ദേഹം (ചാവറ) മാത്രമെ ആയിരുന്നുള്ളവെങ്കിൽപ്പോലും, നമുക്ക് ന്യായമായും പറയാം, പാലക്കൽ തോമാച്ചൻെറയും പോരൂക്കരെ തോമാച്ചൻെറയും അദ്ധ്വാനങ്ങൾ പ്രതീക്ഷിച്ച ഫലമണിഞ്ഞുവെന്ന്.' (P. XL)

മീനച്ചിൽ തഹസിൽദാർ, ചിലരുടെ അപവാദങ്ങളെക്കുറിച്ച് നേരിട്ടറിയാൻ ചാവറയുമായി സംസാരിച്ചു. അതുകഴിഞ്ഞ്, ആവലാധിക്കാരെ ശകാരിച്ചുകൊണ്ട്

അദ്ദേഹം പറഞ്ഞു: 'ആ ദൈവിക മനുഷ്യന് എതിരായി സംസാരിച്ചവർ മഹാ ദുഷ്ടരാണ്.' (P.XL)

ആലപ്പുഴ കോടതിയിലെ ഒന്നാം ന്യായധിപൻ ഒരു കേസു സംബന്ധിച്ച് ചാവറയെ വിസ്തരിച്ചു കഴിഞ്ഞപ്പോാം, അദ്ദേഹത്തിൻെറ ദിവ്യതയിൽ വിസ്മയിച്ച്, കുറെ നേരം തനിച്ചു സംസാരിക്കാനായി അദ്ദേഹത്തെ സ്വവസതിയിലേയ്ക്ക് ക്ഷണിച്ചു. രണ്ടു മണിക്കൂറോളം നീണ്ടുനിന്ന ആ സംസാരം കഴിഞ്ഞ്, മാന്നാനത്തെത്തിയപ്പോാം, ചാവറ ആശ്രമാംഗങ്ങളോടു പറഞ്ഞു: അദ്ദേഹം ഒരു ക്രിസ്ത്യാനിയാകുവാൻ സാദ്ധ്യതയുണ്ട്.' ഇത് കഴിഞ്ഞ് നാളാഗമം എഴുതിയ ആാം, ബ്രാക്കററിൽ കുറിച്ചിരിക്കുകയാണ്: ('കർത്താവീശോയും അവിടത്തെ മാതാവും ഈ വന്ധ്യയായ മലബാറിനെ സഹായിക്കുമാറാകട്ടെ')(P. 503)

## സ്വർഗ്ഗത്തിൽനിന്ന് അടയാളങ്ങാം

ചാവറയുടെ മാദ്ധ്യസ്ഥം തേടി അദ്ദേഹത്തിൻെറ പൂജ്യാവശിഷ്ടങ്ങാം സംവഹിക്കുന്ന മാന്നാനം ആശ്രമദേവാലയത്തിലേയ്ക്കും, അദ്ദേഹത്തിൻെറ മൃതശരീരം ആദ്യം സംസ്കരിക്കപ്പെട്ടിരുന്ന കൂനമ്മാവ് വി. ഫിലോമിനായുടെ ദേവലായത്തിലേയ്ക്കും തീർത്ഥകർ ഇടമുറിയാതെ വന്നുകൊണ്ടിരുന്നു. അനുഗ്രഹങ്ങാം ലഭിക്കുന്ന പലരും അവയുടെ അസാധാരണത്വത്താൽ, കൃതജ്ഞതാനിർഭരരായി മന്നാനത്തെ നാമകരണ ഓഫീസിൽ അറിയിച്ചിട്ടുള്ളവ പത്തിലേറെ ഗ്രന്ഥങ്ങളിലായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.അവയിൽ, അത്ഭുതങ്ങളെന്ന് തീർച്ച പറയാവുന്നവയും ഉാംപ്പെടുന്നു.

## തിരുസംഘ സാക്ഷ്യം

വാ. ചാവറയുടെ വ്യക്തിത്വത്തെപ്പററിയുള്ള സമുന്നത സാക്ഷ്യങ്ങളും സ്വർഗ്ഗത്തിൽ നിന്നുള്ള അടയാളങ്ങളും പരിഗണിച്ച്, ആ വ്യക്തിത്വത്തിൻെറ നാനാവശങ്ങളും ക്ലലങ്കഷമായി പഠിക്കുന്നതിന് പ. സിംഹാസനം ക്രമീകരണങ്ങൾ ചെയ്തു. വിദഗ്ധന്മാരും വിദഗ്ധസമിതികളും വഴി നടത്തിയ സുദീർഘമായ പഠനങ്ങൾക്കുശേഷം, വിശുദ്ധരുടെ നാമകരണത്തിനു വേണ്ടിയുള്ള തിരുസംഘം ഇങ്ങനെ സാക്ഷ്യപ്പെടുത്തി: 'അദ്ദേഹത്തിൽ (ചാവറയിൽ) വസിച്ചിരുന്ന ദൈവം ഒരർത്ഥത്തിൽ, ബാഹ്യമായി സ്വയം വെളിപ്പെടുത്തുകയായിരുന്നു. തൽഫലമായി, 'ദൈവത്തിൻെറ മനുഷ്യനായും,' 'ദൈവകൃപ നിറഞ്ഞവനായും' മററും അദ്ദേഹത്തെ പരസ്യമായി വിശേഷിപ്പിക്കുവാൻ മററുള്ളവർക്കു കഴിഞ്ഞു.

(ഡിക്രി കാണുക)

## പ. പിതാവ് ജോൺ പോൾ രണ്ടാമൻ

എല്ലാ പഠനവും തിരുസംഘത്തിൻെറ സാക്ഷ്യവും വിലയിരുത്തിക്കൊണ്ട്, പ. പിതാവ് ജോൺ പോൾ രണ്ടാമൻ, ദൈവദാസൻ ചാവറ കുരിയാക്കോസ് ഏലിയാ, ദൈവിക പുണ്യങ്ങളിലും സാന്മാർഗ്ഗിക പുണ്യങ്ങളിലും, 'വീരോചിതമായി വ്യാപരിച്ചിരുന്നതായി യഥാർത്ഥത്തിൽ തെളിഞ്ഞു കാണുന്നു'വെന്ന് പ്രഖ്യാപിക്കുകയും 1986 ഫെബ്രു. 8- ന്, അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവരുടെ പട്ടികയിൽ ചേർക്കുകയും ചെയ്തു. (മുകളിൽ പറഞ്ഞ ഡിക്രിയും, നാമകരണ ശുശ്രൂഷയിലെ പ്രഖ്യാപനവും കാണുക)

## ഉപസംഹാരം

വാ. ചാവറ എന്തായിരുന്നു ? അദ്ദേഹം എന്തു ചെയ്തു ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം, മനുഷ്യരിൽ നിന്നും സ്വർഗ്ഗത്തിൽ നിന്നുമുള്ള ചില സാക്ഷ്യങ്ങളിൽ നിന്നു് ഏകദേശമൊന്നു് മനസ്സിലാക്കുവാൻ നമുക്കു് സാധിച്ചു. ഒരു യഥാർത്ഥ ക്രിസ്ത്യാനി, അരൂപിയാൽ നിറഞ്ഞ വൈദിക മനുഷ്യൻ, ദൈവാഹ്വാനത്തിനു് സദാ പ്രഥമ ശ്രദ്ധ നൽകിയിരുന്ന സർവ്വസംഗ പരിത്യാഗി, തിരുസഭയോടുള്ള സ്നേഹത്താൽ എരിഞ്ഞിരുന്ന മഹാത്മാവു്, കേരള സുറിയാനി സഭയുടെ സമുദ്ധാരണ ത്തിനും, വളർച്ചയും സംരക്ഷണത്തിനുമായി, ശക്തികളും കഴിവുകളും പരമാവധി ചെലവഴിച്ച ധീരനായ നേതാവു്, മാന്നാനത്തു് വിരിഞ്ഞ മനോഹര പുഷ്പം, മലയാളത്തിൻെറ പതാക, മെത്രാന്മാർക്കും, കേരള ജനതയ്ക്കും, നെസ്റ്റോറിയൻ കാർക്കുപോലും സുസമ്മതനായിരുന്ന വിശിഷ്ട വ്യക്തി, വൈദികർക്കും, സന്ന്യാസിനി സന്യാസികൾക്കും, ക്രിസ്ത്യാനികൾക്കു് പൊതുവെയും, പ്രാർത്ഥനാജീവിതത്തിൽ ഉന്നതപദവിയിലെത്തുവാൻ മാർഗ്ഗ നിർദ്ദേശവും മാതൃകയും നൽകിയ ആദ്ധ്യാത്മിക പിതാവു്, മരണശേഷം, തൻെറ മാദ്ധ്യസ്ഥം തേടുന്നവരുടെമേൽ, സ്വർഗ്ഗീയ പിതാവു്, അനുഗ്രഹ വർഷം ചൊരിഞ്ഞുകൊണ്ടു്തന്നെ, ചാവറയെ ഭാഗ്യപ്പെട്ടവനെന്നു് പ്രഖ്യാപിക്കുവാൻ, തിരുസഭാദ്ധ്യക്ഷനു് പ്രേരണ നൽകുവാൻ തക്കവണ്ണം, അവിടത്തെ സംപ്രീതനാക്കിയ സുകൃതവാനും സുധീരനുമായ വത്സല ദാസൻ! ഇതായിരുന്നു വാ. ചാവറ.

ഈ ആകമാന ചിത്രം, അദ്ദേഹത്തിൻെറ കേരള സഭാ സമുദ്ധാരണ ദൗത്യത്തിൻെറ നിർവ്വഹണം, വീരോചിതമായ വിശുദ്ധി, അദ്ദേഹം പ്രാർത്ഥനാ ജീവിതത്തിനായി ഉപദേശിച്ചു തരുന്ന ലളിതമായ കുറുക്ക വഴി എന്നിവ സംബന്ധിച്ച് കുറച്ചുകൂടി വിശദമായ പഠനം നടത്തുവാൻ നമ്മെ ക്ഷണിക്കുന്നു. തുടൎന്നു വരുന്ന മൂന്നു ചെറുഗ്രന്ഥങ്ങളും ഈ വിഷയങ്ങളാണു് കൈകാര്യം ചെയ്യുക.

## അനുബന്ധം I

## വാ. ചാവറയുടെ ജീവിതത്തിലെ പ്രധാന തീയതികൾ

1805, ഫെബ്രുവരി 10-ാം തീയതി, ചങ്ങനാശ്ശേരി രൂപതയിലെ, കൈനകരിയിൽ കുറിയാക്കോസ് ചാവറ, മറിയം തോപ്പിൽ എന്നിവരുടെ ഇളയ മകനായി വാ. ചാവറ ജനിക്കുന്നു. മാമ്മോദീസാപ്പേര് : കുറിയാക്കോസ്. ഒരു ജ്യേഷ്ഠൻ, നാലു സഹോദരിമാർ.

1810-ൽ, ആശാൻെറ കളരിയിൽ പഠനം ആരംഭിക്കുന്നു.

1815-ൽ പൗരോഹിത്യ ജീവിതത്തിലേയ്ക്ക് ആഹ്വാനം.

1818-ൽ പള്ളിപ്പുറം സെമിനാരിയിൽ

1819-നും, 1826-നും ഇടയ്ക്ക് ചെറു പട്ടങ്ങൾ.

1827-ൽ അഞ്ചാംപട്ടം

1828-ൽ ആറാം പട്ടം, സന്ന്യാസ ജീവിതത്തിലേയ്ക്കു് ആഹ്വാനം

1829-ൽ വൈദിക പട്ടം

1831-ൽ സി. എം. ഐ. സഭയുടെ ആദ്യത്തെ ഭവനത്തിനു് ശിലാസ്ഥാപനം (മാന്നാനത്തു്)

1841-ൽ പാലയ്ക്കൽ മല്പാൻെറ മരണം.

1844-ൽ ചാവറയ്ക്കു് മല്പാൻ സ്ഥാനം.

1846-ൽ പോരൂക്കര മല്പാൻെറ മരണം.

മാന്നാനത്തു് അച്ചടിശാലാ സ്ഥാപനം.

അന്നു മുതൽ, സന്ന്യാസ പ്രസ്ഥാനത്തിൻെറ ഉത്തരവാദിത്വം മുഴുവൻ ചാവറ വഹിക്കാൻ

1855–ൽ സഭ കാനോനികമായി ഉയർത്തപ്പെടുന്നു.

പ്രിയോർ സ്ഥാനം ചാവറ ഏറ്റെടുക്കുന്നു.

1861–ൽ സഭ T.O.C.D ആയിത്തീരുന്നു.

റോക്കോസ് ശീശ്മയ്ക്കെതിരെ – ചാവറ, വികാരി ജനറാൾ.

1866–ൽ C.M.C. സഭാസ്ഥാപനം


1868–ൽ ചാവറ രോഗശയ്യയിൽ

1871 ജനുവരി 3–ാം തീയതി മരണം.


## അനുബന്ധം II

### വം. ചാവറയുടെ കാലത്തെ വരാപ്പുഴ വികാരി അപ്പസ്തോലിക്കാമാർ

1. MSGR. M. STABILINI (1827 - 1831)
2. ,, F.X. PESCETO (1831 - 1844)
3. ,, L.MARTINI (1845 - 1852)
4. ,, B. BACCINELLI (1852 - 1868)
5. ,, L. MELLANO (1868 - 1897)



പാലയ്ക്കൽ തോമാമല്പാൻ
വാ. ചാവറയുടെ സെമി
നാരി റെക്ടർ. കേരള സം
സ്കൃത പണ്ഡിതരായ വൈ
ദികരുണ്ടാകുവാൻ വേണ്ടി
പരമാവധി അദ്ധ്വാനിച്ച
പുണ്യചരിതൻ.



പോരൂക്കര തോമാമല്പാൻ
പാലയ്ക്കൽ മല്പാന്റെ ഉററ
മിത്രം, പുണ്യശ്ലോകൻ!
മാന്നാനത്തെ ആദ്യ ഭവന
ത്തിന്, വി. യൗസേപ്പി
ന്റെ നാമത്തിൽ ശിലാ
സ്ഥാപനം നടത്തിയതു്
ഇദ്ദേഹമാണ്. അന്നുത
ന്നെ, വിഷസർപ്പത്തിന്റെ
കടിയേറ്റ് അവശനായി
ത്തീർന്ന ഒരു ബാലനെ,
പ്രാർത്ഥിച്ചതിനുശേഷം
വി. ജലം തളിച്ച്, ഇദ്ദേ
ഹം സുഖപ്പെടുത്തി.




വാ. ചാവറ

1805 – 1871

പാലയ്ക്കലും പോരൂക്കരയും സന്ന്യാസ സഭയുടെ നേതൃത്വത്തിനായി, ചാവറയെ, ഡീക്കനായിരിക്കുമ്പോൾത്തന്നെ കണ്ടുവച്ചു.

ബ്ര. കണിയാന്തറ

ഗതിവിഗതികളിൽ സദാവിശ്വസ്തനായിരുന്ന സഹായകൻ ! 1865-ൽ ഒരു അൽമായ സഹോദരൻ എന്ന നിലയിൽ വ്രതമനുഷ്ഠിച്ച കണിയാന്തറ, സ്ഥാനമാനങ്ങൾ വൈദിക സഹോദരങ്ങൾക്കായി വിട്ട്, ആദ്ധ്യാത്മികതയിലും അദ്ധ്വാന ജീവിതത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന സഹോദരങ്ങൾക്ക് ഉത്തമ മാതൃകയായി ശോഭിച്ചു.





മോൺ. ലെയൊനാർദ് മെല്ലാനൊ ഒ.സി.ഡി.
1868 – 1897

ഇദ്ദേഹത്തിന് വാ. ചാവറയോടുണ്ടായിരുന്ന മതിപ്പുകൊണ്ട്, തന്റെ അസാന്നിദ്ധ്യത്തിൽ, ചാവറയോട് ആലോചിച്ചു മാത്രമെ തീരുമാനങ്ങളെടുക്കാവൂ എന്ന് പ്രതിനിധികൾക്ക് നിർദ്ദേശം നൽകിക്കൊണ്ടാണ് ഒന്നാം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കുവാനായി അദ്ദേഹം റോമിലേക്കു യാത്രയായത്. അവിടെവച്ച്, ചാവറ, തന്റെ ഉപദേശമനുസരിച്ചുതന്നെ തിരുസംഘത്തിനെഴുതിയ എഴുത്തിൽ, സീറോ മലബാർ സഭയുടെ ഭാവി സുരക്ഷിതത്വത്തിന്, അവർക്കുവേണ്ടിത്തന്നെ ഒരു മെത്രാൻ ഉണ്ടാകുകയാണ് വേണ്ടത് എന്ന് നിർദ്ദേശിച്ചിരിക്കുന്നതായി, അറിഞ്ഞു തൽഫലമായി, സൂനഹദോസ് കഴിഞ്ഞ് അദ്ദേഹം തിരിച്ചെത്തിയത് ചാവറയോടുള്ള അമർഷത്തോടുകൂടിയാണ്.



**മോൺ. സ്റ്റബിലിനി**

**1827 – 1831**

സി. എം. ഐ. സഭാ സ്ഥാപനത്തിനു് അനുവാദം കൊടുത്ത ക്രാന്ത ദർശി. ''ലോകർക്കും നന്മചെയ്യുവാൻ സാധിക്കുന്ന കൊവേന്ത ജീവിതമായിരുന്നു'' അന്നത്തെ ആവശ്യം.

**ഫാ. ലിയോപോൾഡ് ഒ.സി.ഡി.**




വാ. ചാവറയുടെ ആത്മപിതാവു്, സഭയുടെ ഡെലഗാത്, നോവീസ് മാസ്റ്റർ. സി.എം.ഐ. സഭാംഗങ്ങൾ O.C.D. സഭാനിയമങ്ങൾതന്നെ പാലിക്കണമെന്ന അദ്ദേഹത്തിൻെറ താല്പര്യത്തോടു് വിയോജിപ്പ് പ്രകടിപ്പിക്കുവാൻ ചാവറ നിർബ്ബന്ധിതനായി. എങ്കിലും അതുകൊണ്ടു് അവരുടെ ബന്ധത്തിനു് ഉലച്ചിൽ ഭവിച്ചില്ല. ചാവറയുടെ ചരമ ദിവസം ലെയൊപ്പോൾഡ് മിഷനറി തൻെറ ഡയറിയിൽ കുറിച്ചിരിക്കുന്ന സാക്ഷ്യം അമൂല്യമാണു്. അതേ വഷം ആ മഹാനുഭാവൻ ചാവറയുടെ ജീവചരിത്രവും എഴുതി.




പോരൂക്കര കറി. ഏലീശാ അച്ചൻ

വാ. ചാവറയുടെ കീഴിൽ മാന്നാനത്തെ വികാരിയായിരുന്ന ഇദ്ദേഹമാണ് ചാവറയുടെ മരണശേഷം ചാവറയുടെ ആദ്യത്തെ പിൻഗാമിയായി നിയമിക്കപ്പെട്ടത്. ''നിത്യാരാധന'' എന്ന സുപ്രസിദ്ധ പ്രാർത്ഥനപ്പുസ്തകം ഇദ്ദേഹം പ്രസിദ്ധീകരിച്ചു. വാ. ചാവറയുടെ രണ്ടാമത്തെ ജീവചരിത്രവും ഇദ്ദേഹത്തിന്റെ തൂലികാസന്താനമാണ്.




വാ. ചാവറയുടെ വീട്

കൈനകരിയിൽ, ഈ മനോഹര ദേവാലയം വാ. ചാവറയുടെ ഭവനത്തെ ആവരണം ചെയ്യുന്നു




മാന്നാനം ആശ്രമ ദേവാലയം

1931 മെയ് 11-ാം തീയതി, വികാരി അപ്പസ്തോലിക്കാ മോൺ. സ്ലബിലീനിയുടെയും ഒട്ടനേകം വൈദികരുടെയും ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ തോമസ് പോത്തുക്കര അച്ചൻ വി. യൗസേപ്പിൻെറ നാമധേയത്തിൽ ശിലാസ്ഥാപനം നടത്തി.



വാ. ചാവറയുടെ പൂജ്യാവശിഷ്ടങ്ങൾ ഇപ്പോൾ വിശ്രമംകൊള്ളുന്ന മാന്നാനത്തെ കബറിടം

1897-ൽ കൂനമ്മാവിൽനിന്നും വാ. ചാവറയുടെ പൂജ്യാവശിഷ്ടങ്ങൾ മാന്നാനം ആശ്രമ ദേവാലയത്തിൽ മദ്ബ്ഹായ്ക്ക് താഴെ സ്ഥാപിച്ചു. ഇടമുറിയാതെ തീർത്ഥകർ സന്ദർശിക്കുന്ന ഈ കബറിടം ശനിയാഴ്ചദിവസങ്ങളിൽ ജനനിബിഡമാണ്. ആ ദിവസങ്ങളിൽ രാവിലെമുതൽ ഉച്ചതിരിയുന്നതുവരെയും തീർത്ഥകർക്കുവേണ്ടി അനേകം വൈദികർ പാപസങ്കീർത്തനവേദികളിൽ സന്നിഹിതരായിരിക്കും.



ശതാബ്ദി സ്മാരക കവാടം

1931-ൽ സി.എം.ഐ സഭയുടെ ശതാബ്ദി സ്മാരകമായി ഉയർത്തിയ ഈ ഗംഭീര കവാടം, പടിഞ്ഞാറുനിന്ന് അനേകം പടികളും കയറി വരുന്ന അനേകം തീർത്ഥാടകരെ ദേവാലയാങ്കണത്തിലേയ്ക്കു സ്വീകരിക്കുന്നു. കവാടത്തിൽനിന്നു പടിഞ്ഞാറോട്ടു നോക്കിയാൽ, മാന്നാനം കുന്ന്, വിശാലമായ വയലിൽചെന്ന് ലയിക്കുന്ന മനോഹര ദൃശ്യം ലഭിക്കുന്നു. ഈ ദൃശ്യം ആദ്യകാലത്ത് പിതാക്കന്മാർ ജനങ്ങളോടുകൂടി നടത്തിയിരുന്ന, വിയാസാക്രായുടെ സ്മരണയും പ്രേക്ഷകർക്ക് ഉത്തേജനം നല്കുന്നു.